പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1414** **13. 06. 2014-** ലെ മറുപടി

<u>പ്രവാസികളുടെ പുനരധിവാസം</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (എ) തിരികെയെത്തിയ പ്രവാസി മലയാളികൾക്ക് വേണ്ടി സ്വയം തൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രെന്റ് (NDPREM) എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുന്നതാണ് പദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.<br><br>ഇതിനു പുറമേ, നിതാഖത്ത് നിയമം ശക്തമാക്കിയതിനെത്തുടർന്ന് സൌദി അറേബ്യയിൽ നിന്നും തിരികെയെത്തിയ പ്രവാസി മലയാളികളെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പ്രത്യേക പാക്കേജിന് രൂപം നൽകിയിട്ടുണ്ട്. ടി പദ്ധതിയുടെ അഞ്ച് പ്രധാന ഘടകങ്ങൾ- 1)മടങ്ങിയെത്തിയ പ്രവാസികളുടെ പുനർ എമിഗ്രേഷൻ (2) തിരികെയെത്തിയ പ്രവാസികളുടെ |

ആഭ്യന്തര തൊഴിൽ മേഖലയിലെ പുനർ സംയോജനം (3) വ്യവസായ സംരംഭക സഹായ പദ്ധതി (4)സഹകരണ സംഘങ്ങൾ സ്ഥാപിക്കുക (5)സ്വയംതൊഴിൽ/സംസ്ഥാനത്തെ നിക്ഷേപ സാധ്യത എന്നിവയാണ്.

(ബി) പ്രവാസികളുടെ പുനരധിവാസത്തിന് വകയിരുത്തിയിട്ടുള്ള തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസികളുടെ പുനരധിവാസത്തിനായി 2013 – 14 സാമ്പത്തിക വർഷത്തിൽ 2.97 കോടി രൂപ വകയിരുത്തുകയും 125 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നടപ്പു സാമ്പത്തികവർഷം ഇതിനായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിയെത്തിയവർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് പലിശരഹിത വായ്പ നൽകാൻ നടപടി സ്വീകരിക്കുമോ ;

(സി) പലിശരഹിത വായ്പാ പദ്ധതി ഇപ്പോൾ പരിഗണനയിൽ ഇല്ല. എന്നാൽ പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങൾക്ക് 10% മൂലധന സബ്സിഡി അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. ഇതോടൊപ്പം പലിശയിളവ് കൂടി നൽകുന്ന കാര്യത്തെക്കുറിച്ച് ആലോചനയുണ്ട്.

(ഡി) പ്രവാസികൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിന് ഒരു കമ്മീഷനെ നിയോഗിക്കുമോ?

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ